H 602

# امتحان نصف السنة في المدارس الدينية ٢٠٢٣ - ٢٤ م

## تحت هيئة التربية والتعليم لندوة المجاهدين بكيرالا

| | | | |
|---|---|---|---|
| الصف: السادس | الموضوع: العقائد والأخلاق | المدة: ساعتان | العلامات: ٨٠ |

### വിശ്വാസം

**I പൂർത്തിയാക്കി എഴുതാം.** 10

1. നമ്മോട് ഏറ്റവുമധികം സ്നേഹമുള്ളവൻ ...................... ആണ്.
2. അല്ലാഹു തന്റെ ദാസന്മാരോട് ഒട്ടും .................... കാണിക്കുകയില്ല.
3. വല്ലവനും ഒരു നന്മ ചെയ്താൽ ചുരുങ്ങിയത് അവന് ............ ഇരട്ടി പ്രതിഫലം ലഭിക്കും.
4. ശരീരത്തിൽ ശുദ്ധ രക്തവും .................... രക്തവും ഉണ്ട്.
5. എല്ലാ സൽകർമങ്ങളെയും നിഷ്ഫലമാക്കുന്ന പാപമാണ് ....................

**II പ്രസ്താവനകൾ ശരിയാക്കി എഴുതാം.** 6

1. മുഹമ്മദ് നബി ﷺ ക്ക് ലഭിച്ച മുഅ്ജിസത്തുകളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് ഹദീഥ്.
2. തൗറാത്ത് മുഹമ്മദ് നബി ﷺ ക്ക് അവതരിച്ചു.
3. വിശ്വാസികൾ ഏറ്റവും കൂടുതൽ സ്നേഹിക്കേണ്ടത് മാതാപിതാക്കളെയാണ്.
4. 33 വർഷങ്ങൾ കൊണ്ടാണ് ക്വുർആൻ പൂർണമായി അവതരിച്ചത്.
5. ഗർഭസ്ഥശിശുവിന് അതിന്റെ വായിലൂടെയാണ് ഭക്ഷണം ലഭിക്കുന്നത്.

**III ചേർത്തെഴുതാം** 4

| | |
|---|---|
| وَمَا قَدَرُوا اللهَ حَقَّ قَدْرِهِ | لِلْمُوقِنِين |
| وَمَا أَنَا بِظَلَّامٍ | حَقَّ قَدْرِهِ |
| وَفِي الْأَرْضِ آيَاتٌ | نُورَ اللهِ بِأَفْوَاهِهِمْ |
| يُرِيدُونَ لِيُطْفِئُوا | لِلْعَبِيد |

**IV ഒന്നോ രണ്ടോ വാചകങ്ങളിൽ ഉത്തരമെഴുതാം.** 9

1. വിശുദ്ധ ക്വുർആനിനെ അണയാത്ത പ്രകാശം എന്ന് വിശേഷിപ്പിക്കുന്നത് എന്തുകൊണ്ട്?
2. ക്വുർആനിന്റെ പ്രചാരണം തടയാൻ മക്കയിലെ ബഹുദൈവാരാധകർ കണ്ടെത്തിയ മാർഗങ്ങൾ എന്തെല്ലാം?
3. സൽകർമങ്ങൾക്ക് പ്രതിഫലം നൽകുമ്പോൾ അല്ലാഹു സ്വീകരിക്കുന്ന രീതി എന്ത്?
4. എന്തിനാണ് അല്ലാഹു മരണശേഷം മനുഷ്യരെ ഉയിർത്തെഴുന്നേൽപ്പിക്കുന്നത്?

**V ഖുർആൻ സൂക്തങ്ങളുടെ ആശയം എഴുതാം.** 6

١) ٱللَّهُ لَآ إِلَٰهَ إِلَّا هُوَ ٱلْحَىُّ ٱلْقَيُّومُ ۚ لَا تَأْخُذُهُۥ سِنَةٌ وَلَا نَوْمٌ

٢) هُوَ ٱلَّذِى خَلَقَ لَكُم مَّا فِى ٱلْأَرْضِ جَمِيعًا

٣) ثُمَّ إِنَّكُم بَعْدَ ذَٰلِكَ لَمَيِّتُونَ. ثُمَّ إِنَّكُمْ يَوْمَ ٱلْقِيَامَةِ تُبْعَثُونَ

**VI ക്വുർആൻ ആയത്തുകളുടെ വെളിച്ചത്തിൽ വിവരണം തയ്യാറാക്കാം (ഏതെങ്കിലും ഒന്ന്)** 5

1. അല്ലാഹു മനുഷ്യ ശരീരത്തിൽ സംവിധാനിച്ചിട്ടുള്ള ദൃഷ്ടാന്തങ്ങൾ എന്തെല്ലാം വിവരിക്കാം.

وَفِي أَنْفُسِكُمْ أَفَلَا تُبْصِرُون

2. ക്വുർആൻ അജയ്യമാണ്. മനുഷ്യ രചനയല്ല. തെളിവ് സഹിതം വ്യക്തമാക്കാം.

وَإِن كُنتُمْ فِى رَيْبٍ مِّمَّا نَزَّلْنَا عَلَىٰ عَبْدِنَا فَأْتُواْ بِسُورَةٍ مِّن مِّثْلِهِۦ وَٱدْعُواْ شُهَدَآءَكُم مِّن دُونِ ٱللَّهِ إِن كُنتُمْ صَٰدِقِينَ

– · – · – · – ·

## സ്വഭാവം

**VII പൂർത്തിയാക്കി എഴുതാം.** 10

1. നിഷ്കളങ്കമായ നിയ്യത്തോടുകൂടി പ്രവർത്തിക്കുന്നതിന് ................. എന്ന് പറയുന്നു.
2. ജനങ്ങളെ കാണിക്കുവാൻ ചെയ്യുന്ന കർമങ്ങൾക്ക് ...................... എന്ന് പറയുന്നു.
3. നീതിപാലനം മുസ്‌ലിങ്ങളുടെ ....................... ബാധ്യതയാണ്.
4. .................... കപടവിശ്വാസിയുടെ ലക്ഷണങ്ങളിൽ പെട്ടതാണ്.
5. മറ്റൊരാൾ ഏൽപ്പിച്ചതോ സ്വയം ഏറ്റെടുത്തതോ ആയ ഉത്തരവാദിത്വങ്ങൾക്ക് .......... എന്ന് പറയുന്നു.

**VIII ശരിയായവ തിരഞ്ഞെടുത്ത് എഴുതാം.** 5

1. ഉമർ ﵁ ന്റെ കാലത്ത് ഈജിപ്തിലെ ഗവർണർ ആയിരുന്നു.

(സുഹൈലുബ്നു അംറ്     അംറുബ്നൽ ആസ്വ്     അബൂജുൻദൽ)

2. വിശ്വാസവഞ്ചന നടത്തുന്നത്.

(ശിർക്ക്     നിഫാക്വ്     കുഫ്ർ )

3. നബി ﷺ ഹിജ്റ പോയപ്പോൾ മറ്റുള്ളവർ തന്നെ വിശ്വസിച്ചേൽപ്പിച്ച വസ്തുക്കൾ തിരിച്ചുകൊടുക്കാൻ ചുമതലപ്പെടുത്തിയത് ആരെ?

(ഉമർ ﵁     അലി ﵁     ഉഥ്മാൻ ﵁ )

4. തബൂക്ക് സംഭവം നടന്നത് ഏത് വർഷത്തിലാണ്?

(ഹിജ്റ 6　　　ഹിജ്റ 9　　　ഹിജ്റ 7 )

5. അബൂ ജുൻദലിന്റെ പിതാവിന്റെ പേര് എന്ത്?

( ഇബ്നു ഉമർ　　　സുഹൈലുബ്നു അംറ്　　　അംറുബ്നുൽ ആസ്വ് )

**IX യോജിച്ചവ ചേർത്ത് എഴുതാം.** 5

| | |
|---|---|
| إِنَّمَا الْأَعْمَالُ | فَسَلِّمُوا |
| إِنَّ اللهَ يُحِبُّ | مَنْ لَمْ يَرْحَمْ صَغِيرَنَا |
| لَيْسَ مِنَّا | وَبِاسْمِ اللهِ خَرَجْنَا |
| فَإِذَا دَخَلْتُمْ بُيُوتًا | بِالنِّيَّات |
| بِاسْمِ اللهِ وَلَجْنَا | الْمُقْسِطِين |

**X ഒന്നോ രണ്ടോ വാചകങ്ങളിൽ ഉത്തരമെഴുതാം. (മൂന്നെണ്ണം)** 9

1. ഇസ്‌ലാം സ്വീകരിച്ച അബൂജുൻദലിനെ നബി ﷺ മക്കയിലേക്ക് തിരിച്ചയക്കാനുള്ള കാരണമെന്ത്?
2. കുട്ടികൾ മുതിർന്നവരോട് എങ്ങനെ പെരുമാറണം?
3. പരലോകത്ത് നഷ്ടം സംഭവിക്കുക എന്തുകൊണ്ട്?
4. അംറ്ബ്നുൽ ആസ്വിനോട് മദീനയിലെത്താൻ നബി ﷺ കൽപ്പിച്ചത് എന്തിനായിരുന്നു?
5. കർമങ്ങൾക്ക് പ്രതിഫലം ലഭിക്കുന്നത് എന്തിന്റെ അടിസ്ഥാനത്തിലാണ്?

**XI സന്ദർഭം എഴുതാം (രണ്ടെണ്ണം)** 6

1. "ബഹുമാനപ്പെട്ടവരേ, എന്നാണ് നിങ്ങൾ മനുഷ്യരെ അടിമകളാക്കാൻ ആരംഭിച്ചത്? അവർ സ്വതന്ത്രരായി ജനിച്ചവരല്ലേ?"
2. "നീ ഇപ്പോൾ എന്റെ കൂടെ വരരുത്. ഈ വസ്തുക്കളെല്ലാം ആളുകൾ സൂക്ഷിക്കാനായി എന്നെ ഏൽപ്പിച്ചതാണ്. അവയെല്ലാം ഉടമസ്ഥർക്ക് തിരിച്ചു നൽകണം."
3. "നബിയേ, ഞാനത് അല്ലാഹുവിന് നൽകിയതാണ്. അതിന്റെ പ്രതിഫലം എനിക്ക് അല്ലാഹു തരും. എനിക്ക് അവ തിരിച്ചു വേണ്ട."

**XII വിവരണം തയ്യാറാക്കാം.** 5

വിശ്വാസികൾ തങ്ങളുടെ ജീവിതത്തിൽ നീതി പാലിക്കേണ്ടതിന്റെ അനിവാര്യത വ്യക്തമാക്കുക.

**അല്ലെങ്കിൽ**

വീടുമായി ബന്ധപ്പെട്ട ഇസ്‌ലാമിക പെരുമാറ്റ മര്യാദകൾ വിശദീകരിക്കാം.